ഉത്തരം

(എ) ഉണ്ട്.

(ബി-ഡി) ഉദ്യോഗസ്ഥരുടെ പേരുകൾ പരാമർശിച്ചിട്ടില്ല. ടി ഇടപാടിൽ ഉൾപ്പെട്ട ഓൺ ഡോട്ട് കൊറിയർ ആന്റ് കാർഗോ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് കൊടുക്കുവാനുള്ള കുടിശ്ശിക തടഞ്ഞുവയ്ക്കുവാനും അടിയന്തരമായി സി-ഡിറ്റിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയും ഗവേണിംഗ് ബോഡിയും വിളിച്ചുചേർത്ത് അന്വേഷണ റിപ്പോർട്ട് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കാൻ രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിട്ടുമുണ്ട്.

വികസനക്ഷേമ പ്രവർത്തനങ്ങൾ

83 (1457) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് നടപ്പാക്കുന്ന വികസന ക്ഷേമ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ജനങ്ങളിലെത്തിക്കാൻ എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് നടപ്പാക്കുന്ന വികസന ക്ഷേമ പ്രവർത്തനങ്ങൾ ജനങ്ങളിലെത്തിക്കുന്നതിനായി ജനസമ്പർക്ക മേളകൾ, എക്സിബിഷനുകൾ, സെമിനാറുകൾ, ചിത്രപ്രദർശനങ്ങൾ മുതലായവ സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ വികസന ക്ഷേമപ്രവർത്തനങ്ങൾ പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി ഇവ ജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കുന്നതിന് താഴെപ്പറയുന്ന ഫീൽഡ് പബ്ലിസിറ്റി പ്രവർത്തനങ്ങൾ ഈ വകുപ്പിൽനിന്ന് സ്വീകരിച്ചിട്ടുണ്ട്.

1. കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം എന്നിവിടങ്ങളിലെ പ്രദർശന വാഹനങ്ങൾ ഉപയോഗിച്ച് മൊബൈൽ എക്സിബിഷനുകൾ സംഘടിപ്പിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

Page 1

2. പൊതുജനങ്ങൾക്ക് ദൃശ്യമാകത്തക്കവിധം വിവിധ ജില്ലാ കേന്ദ്രങ്ങളിൽ വീഡിയോ വാളുകൾ സ്ഥാപിച്ച് വികസന ക്ഷേമപ്രവർത്തനങ്ങൾ ഇവയിലൂടെ പ്രചരിപ്പിച്ചുവരുന്നു.

3. തിയേറ്ററുകൾ, റെയിൽവേ സ്റ്റേഷനുകൾ, കെ.എസ്.ആർ.ടി.സി. ബസുകൾ എന്നിവയിൽ വികസന ക്ഷേമ പ്രവർത്തനങ്ങൾ സംബന്ധിച്ച പരസ്യങ്ങൾ നൽകിയിട്ടുണ്ട്.

4. മൾട്ടിമീഡിയ സങ്കേതങ്ങൾ കൂട്ടിയിണക്കി സ്പെഷ്യൽ ക്യാമ്പെയിനുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

(ബി) വികസന ക്ഷേമപദ്ധതികളെപ്പറ്റി ജനങ്ങളെ ബോധവാന്മാരാക്കുക എന്ന ലക്ഷ്യമാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്.

(സി) മേൽപ്പറഞ്ഞ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർ സ്വീകരിച്ച നടപടികളുടെ റിപ്പോർട്ട് മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർ വിശകലനം ചെയ്ത് ഡയറക്ടർക്ക് റിപ്പോർട്ട് സമർപ്പിക്കുന്നുണ്ട്. ഡയറക്ടർ, അഡീഷണൽ ഡയറക്ടർമാർ തുടങ്ങിയവരുടെ മേൽനോട്ടത്തിൽ പ്രസ്തുത റിപ്പോർട്ട് വിശകലനം ചെയ്യുകയും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർക്ക് നിർദ്ദേശം നൽകുകയും ചെയ്യാറുണ്ട്.

വികസന സമന്വയം-വാർത്താ പത്രിക

84 (1458) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് എത്ര ലക്കങ്ങളിലായി വികസന സമന്വയം എന്ന പേരിൽ വാർത്താ പത്രിക പ്രസിദ്ധീകരിക്കുകയും വിവിധ ദിന പത്രങ്ങളോടൊപ്പം വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്;

(ബി) എത്ര ലക്ഷം കോപ്പികളാണ് ഓരോ ലക്കങ്ങളിലും പ്രിന്റ് ചെയ്തത്;

(സി) ഇവ തയ്യാറാക്കുന്നതിനും, പ്രിന്റ് ചെയ്യുന്നതിനും പത്രങ്ങൾ വഴി സർക്കുലേറ്റ് ചെയ്യുന്നതിനും ഉൾപ്പെടെ ഇതിനകം ചെലവായ തുക സംബന്ധിച്ച വിശദാംശം ഇനം തിരിച്ച് ലഭ്യമാക്കുമോ; ഈ ഇനത്തിൽ പത്ര സ്ഥാപനങ്ങൾക്കും മറ്റും കൊടുത്ത് തീർക്കാൻ ബാക്കി നിൽപ്പുള്ള തുക എത്ര എന്ന് അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly